(ബി&സി) പ്രസ്തുത തുക രണ്ട് 11 കെ.വി. ലൈനുകൾ നിർമ്മിക്കുന്നതിനാണ് ഒടുക്കിയിട്ടുള്ളത്. അതിൽ ഒരു 11 കെ.വി. ഫീഡർ നിർമ്മാണം പൂർത്തീകരിച്ച് ചാർജ്ജ് ചെയ്തിട്ടുള്ളതാണ്. രണ്ടാമത്തെ ഫീഡർ 9.5 കി.മീ. ഗ്രൗർഭ കേബിളും 200 മീറ്റർ ഓവർ ഹെഡ് ലൈനും (നദിക്കു കുറുകെ) ഉൾപ്പെടുന്നതാണ്. ഇതിൽ 5 കി.മീ. കേബിൾ സ്ഥാപിച്ചതിനുശേഷം പി.ഡബ്ല്യു.ഡി.-യുടെ റോഡ് മുറിച്ചു കടക്കുന്നതിലെ തടസ്സംമൂലം മേയ് 2013-ൽ ജോലി തടസ്സപ്പെട്ടു. പിന്നീട് കോൺട്രാക്ടർ റേറ്റ് റിവിഷൻ ആവശ്യപ്പെടുകയും 11-6-2014-ൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അതിന് അനുമതി നൽകുകയും ചെയ്തു. ഇതു പ്രകാരം കോൺട്രാക്ടർ 2 കി.മീ. കേബിൾ സ്ഥാപിക്കുന്ന ജോലിപൂർത്തീകരിച്ചു. ഇനി ബാക്കിയുള്ള 2.5 കി.മീ. കേബിൾ സ്ഥാപിക്കുന്ന ജോലിയും 200 മീറ്റർ ഓവർ ഹെഡ് ലൈൻ നിർമ്മിക്കുന്ന ജോലിയും എത്രയും വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ

11 (3164) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

66 കെ.വി. കാവാലം സബ്സ്റ്റേഷൻ നിർമ്മാണാവശ്യത്തിനായി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം 0.874 ഹെക്ടർ സ്ഥലം വാങ്ങാനായി 17-8-2008-ലെ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ടി സ്ഥലം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച് നികത്താൻ പാടില്ലായെന്നുള്ള ആലപ്പുഴ ജില്ലാ കളക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. പുതുതായി, കാവാലത്തിനു സമീപം അനുയോജ്യമായ സ്ഥലം കണ്ടെത്താനായിട്ടില്ല. എന്നാൽ നീലംപേരൂർ എന്ന സ്ഥലത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തുകയും സാങ്കേതിക പഠനം നടത്തിവരികയുമാണ്.

എനർജി ഓൺ ഇന്നവേറ്റീവ് സോൺ സംബന്ധിച്ച വിശദാംശങ്ങൾ

12 (3165) ശ്രീ. വ്ഡി ല്യൂയിസ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly